കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ചിതറ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കൊല്ലം
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ എസ് എ. കെ എൽ എം. പി3-91/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി.5/4/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിതറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്ത് -2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനതയ്ക്ക് ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ള ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ് :
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ എസ് എ. കെ എൽ എം. പി-3 -91/19

തീയതി:5/4/19

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.08.17 മുതൽ 10.12.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിയ്ക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യു റോയി കെ.പി |
| | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.18 മുതൽ 21.12.18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻചന്ദ്രൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. അനിൽ ആർ ,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. അജ്മൽ എ.എസ്.,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ബിന്ദു നായർ ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുജിത കൈലാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബൽജീത്ത് ജീവൻ | 01.04.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.രാജു ദാസ് | 01.04.2017 മുതൽ 21.07.2017 വരെ |
| | വേക്കന്റ് | 22.07.2017 മുതൽ 06.09.2017 വരെ |
| | ശ്രീമതി രശ്മി | 07.09.2017 മുതൽ 29.11.2017 വരെ |
| | ശ്രീ.ഗോപകുമാർ | 30.11.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബാസിമാ ബീഗം | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.എൻജിനീയർ | ശ്രീമതി.ദീനാ സുഷീൽ | 01.04.2017 മുതൽ 04.10.2017 വരെ |
| | ശ്രീമതി.നിഷ പിള്ള | 05.10.2017 മുതൽ 04.03.2018 വരെ |
| | ശ്രീമതി.അജി (അഡീഷണൽ ചാർജ്) | 05.03.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനു | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.കിരൺ കെ.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.രാകേഷ് എസ്.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ,ആയൂർവേദ | ഡോ.ബിസിനി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ 1. | ശ്രീ.ബിനുകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ 2. | ശ്രീ.ജയകുമാരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഫസലുദ്ദീൻ | 01.04.2017 മുതൽ |

| | | |
|---|---|---|
| ,എൽ.പി.എസ്. | .എസ് | 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മനോജ് | 01.04.2017 മുതൽ 23.06.2017 വരെ |
| | ശ്രീമതി ദിവ്യ | 24.06.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | കുടിശ്ശിക പിരിച്ചെടുക്കുവാൻ ശേഷിക്കുന്നു | 2-1 |
| 14 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| 15 | വാടക ഈടാക്കിയതായി കാണുന്നില്ല | 2-3 |
| 16 | ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം-അടിയന്തിര നടപടികൾ അനിവാര്യം | 2-4 |
| 17 | മാട്ടിറച്ചി ലേലം - 36500/- രൂപയുടെ ചെക്ക് മടങ്ങി | 2-5 |
| 18 | ഇ ടെണ്ടർ ചെയ്യിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-6 |
| | ഭാഗം 3 | |
| 19 | പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | 3-1 |

| | | |
|---|---|---|
| 20 | പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-2 |
| 21 | എസ്.എൽ.ഐ പ്രീമിയം അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല | 3-3 |
| 22 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. | 3-4 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |
| 24 | തൊഴിൽ രഹിത വേതനം സംബന്ധിച്ച് | 3-6 |
| 25 | ദേശീയ തൊഴിലുറപ്പ് പദ്ധതി-സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കാതെയുള്ള നിർവ്വഹണം | 3-7 |
| 26 | ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-8 |
| 27 | ഹെഡ്മാസ്റ്റർ, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-9 |
| 28 | ടെസ്റ്റിംഗ് റിപ്പോർട്ട് ഇല്ല.-3500/-രൂപ തടസ്സപ്പെടുത്തുന്നു | 3-10 |
| 29 | മൃഗാശുപത്രിക്ക് അടിസ്ഥാന സൗകര്യ വികസനം-സിഡ്കോ ഉത്പ്പാദിപ്പിക്കാത്തവ വാങ്ങി.-87451രൂപ തടസ്സപ്പെടുത്തുന്നു | 3-11 |
| 30 | ഒരേ ഡ്രഗ് ലൈസൻസിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ക്വട്ടേഷൻ സ്വീകരിച്ചു മാർഗ്ഗ നിർദ്ദേശങ്ങളും ലംഘിച്ചു | 3-12 |
| 31 | കറവയുള്ള പെണ്ണാട് പദ്ധതി- സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല. | 3-13 |
| 32 | കിടാരി വളർത്തൽ പദ്ധതിയിലെ അപാകതകൾ 6,85,000/- രൂപ തടസ്സപ്പെടുത്തുന്നു. 15,000/- രൂപ നിരാകരിക്കുന്നു. | 3-14 |
| 33 | കറവ പശു വളർത്തൽ- രേഖകൾ കൃത്യമല്ല.51,75,000/- രൂപ തടസ്സപ്പെടുത്തുന്നു. 75,000/- രൂപ നിരാകരിക്കുന്നു. | 3-15 |
| 34 | കിണർ കഴുത്ത്കെട്ട് പദ്ധതി | 3-16 |

| | | |
|---|---|---|
| | ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല. | |
| 35 | K.M.S.C.L-ൽ നിന്നും 2,44,560 /-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 3-17 |
| 36 | കിടപ്പിലായ വയോജനങ്ങൾക്ക് പോഷകാഹാരം-അനുവദനീയമല്ലാത്ത പ്രോജക്ടിന് തുക ചെലവഴിച്ചു- തടസ്സപ്പെടുത്തുന്ന തുക- 1,66,750/-രൂപ | 3-18 |
| 37 | പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി _പ്രവർത്തനം കാര്യക്ഷമമല്ല | 3-19 |
| 38 | അംഗൻവാടിക്ക് ഗ്യാസ് സ്റ്റൗവും സിലണ്ടറും വാങ്ങൽ-അധികം തുക നൽകി. 2325/- രൂപ നിരാകരിക്കുന്നു. | 3-20 |
| | ഭാഗം 4 | |
| 39 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപം | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| അനുബന്ധം 2 | സംക്ഷിപ്തം (Audited Abstract) | 2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ബജറ്റ് 28-3-17തീയതിയിലെ I-ാംനംപർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28-3-18 തീയതിയിലെ I(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 5-6-18 | ------------ | ------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 20.6.18 മുതൽ 21.6.18 വരെ | നം.കെ.എസ്.എ.കെ.എൽ.എ പി.3/1318/18, തീ 4.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 75,34,999 |
| വരവ് | 11,99,99,441 |
| ആകെ | 12,75,34,440 |
| ചെലവ് | 11,78,74,583 |
| നീക്കിയിരിപ്പ് | 96,59,857 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 38175000 | 38175000 | 31531886 | 6643114 |
| വികസന ഫണ്ട്- | 0 | 13895509 | 13895509 | 9173547 | 4721962 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1297473 | 1297473 | 862425 | 435048 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12712000 | 12712000 | 10882228 | 1829772 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5823000 | 5823000 | 4541655 | 1281345 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 16135668 | 16135668 | 16106458 | 29210 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 9372834 | 9372834 | 8214431 | 1158403 |
| സാക്ഷരത | | 5053 | 102 | 5155 | 0 | 5155 |
| ദുരിതാശ്വാസനിധി | | 6904 | 264 | 7168 | 0 | 7168 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 55947605 | 55947605 | 55947605 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 36472 | 2110670 | 2147142 | 2140485 | 6657 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ 1) സമ്പൂർണ്ണ ശുചിത്വം | | 230000 | 1366345 | 1596345 | 230000 | 1366345 |
| 2)വെസ്റ്റേൺ ഘട്ട് | | 1823529 | 69696 | 1893225 | 0 | 1893225 |
| 3)ഐ.സി.ഡി.എസ് | | 2046686 | 687964 | 2734650 | 496412 | 2238238 |
| 4)മറ്റ് കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 333333 | 333333 | 666666 | 666666 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (വിമുക്തി) | | 25000 | 0 | 25000 | 0 | 25000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 150000 | 150000 | 150000 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1299000 | 1299000 | 1299000 | 0 |
| ബി ഫണ്ട് | | | 188280 | 188280 | 188280 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1867035 | 15823431 | 17690466 | 12590704 | 5099762 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 689262 | 16598000 | 17287262 | 18800406 | -1513144 |
| മറ്റിനം | | 471725 | 59726 | 531451 | 0 | 531451 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 301 | 162034600 | 192 | 94135135 | ------- | 109 | 63.79% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 36,472 | 21,10,670 | 21,47,142 | 21,40,485 | 6,657 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,59,47,605 | 5,59,47,605 | 5,59,47,605 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത | 1,58,280 | 271 |

| | | |
|---|---|---|
| വേതനം | | |
| കർഷകതൊഴിലാളി പെൻഷൻ | 68,98,800 | 591 |
| വിധവാപെൻഷൻ | 3,45,99,700 | 2979 |
| വാർദ്ധക്യകാല പെൻഷൻ | 4,67,56,900 | 3834 |
| വികലാംഗപെൻഷൻ | 88,39,000 | 769 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,45,100 | 38 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.18ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,01,405/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. അതോടൊപ്പം മാന്വൽ രസീതുകളും ഉപയോഗിക്കുന്നുണ്ട്. പണമായും ചെക്ക്, ഡി.ഡി യായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗികബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ലൈബ്രറിയ്ക്കായി രസീത് ബുക്കുകൾ അച്ചടിച്ചു നൽകിയിട്ടില്ലാത്തതിനാൽ വരവ് സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കുവരുത്തുന്നില്ല.

ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത്

കാലികമാക്കുന്നില്ല.\
വെറ്ററിനറി സർജൻ നിർവ്വഹണോദ്യഗസ്ഥനായി തൻവർഷം 9 പദ്ധതികളിലായി 1,12,99,000/-രൂപ വകയിരുത്തുകയും ആയതിൽ 7 പദ്ധതികളിലായി 89,22,872 /-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 45,82,451 രൂപ ഓഡിറ്റ് തടസ്സത്തിലും 1,80,000/- രൂപയുടെ ചെലവ് നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ പിഴവുകൾമൂലമാണ് ഇങ്ങനെ സംഭവിച്ചത്. വെറ്ററിനറി സർജൻ നടപ്പിലാക്കിയ എല്ലാ പദ്ധതികളും സമഗ്ര അന്വേഷണത്തിന് വിധേയമാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | എല്ലാ മാസവും ഓഡിറ്റ് നടത്തുന്നു | 1/4/17 -31/3/18 | അതാത് മാസം റിപ്പോർട്ട് ലഭിക്കുന്നു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.12 | 2007-08 മുതൽ 2011-12 വരെ | 1-1-2013 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1.3ൽ പരാമർശിച്ച സാക്ഷ്യ പത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു .

| | |
|---|---|
| 1. | സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ (144/18), മൃഗാശുപത്രി വയറിംഗ് (12/18) പൈപ്പ് ലൈൻ നീട്ടൽ (327/18) എന്നീ പ്രോജക്ടുകൾക്ക് വേണ്ടി യഥാക്രമം 12,71,909, 1,22,363, 29,00,000 രൂപ വീതം നിർവ്വഹണ ഏജൻസികൾക്ക് (KSEB, KWA) അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2. | ഗ്രാമപഞ്ചായത്തിലെ തൻവർഷത്തെ വസ്തു നികുതി പിരിവ് സഞ്ചയ പ്രകാരം 28,77,920/-രൂപയാണ്. എന്നാൽ |

| | |
|---|---|
| | എ.എഫ്.എസ് പ്രകാരം ഇത് 28,58,065/-രൂപയാണ്. കൂടാതെ തൻവർഷത്തെ വസ്തു നികുതി കുടിശ്ശിക സഞ്ചയ പ്രകാരം 16,85,389/-രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം (B-15) കുടിശ്ശിക 18,55,585/-രൂപയാണ് (LC ഉൾപ്പെടെ). കൂടാതെ വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഡിമാന്റ് (I-1), കളക്ഷൻ (Rp-43), ബാലൻസ് (B-15) തുകകൾ പൊരുത്തപ്പെടുന്നില്ല. |
| 3. | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. |
| 4. | അഡ്വാൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കി വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| 5. | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ തൻവർഷത്തെ ഡിമാന്റ് 1,72,248 രൂപയും കളക്ഷൻ 1,62,000 രൂപയും ബാലൻസ് 10,248 രൂപയും ആയിട്ടാണ് വാടക രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. എന്നാൽ എ.എഫ്.എസ് പ്രകാരം ഡിമാന്റ് 1,61,175/-രൂപയും കളക്ഷൻ 1,51,233 രൂപയും ബാലൻസ് 9,942 രൂപയും ആണ്. |
| 6. | ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂളിലെ ആസ്തികളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. |
| 7. | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് എ.എഫ്.എസ് പ്രകാരം 1,50,000/-രൂപയാണ്. എന്നാൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പ്രോജക്ട് പ്രകാരം (320/18) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2,00,000/-രൂപ ലഭിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| 8. | വികലാംഗ പെൻഷൻ ഇനത്തിൽ 88,39,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 9. | ചെക്ക്നം.656002/15-6-17 പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസർ സെൻട്രൽ ഷെയറായി 4,72,552/-രൂപ ചെലവഴിച്ച എന്നാൽ മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ |

| | |
|---|---|
| | ചെലവ് രേഖയിലും,വാർഷിക കണക്കിലും വന്നിട്ടില്ല. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കുടിശ്ശിക പിരിച്ചെടുക്കുവാൻ ശേഷിക്കുന്നു

2017-18 ലെ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. വരവിനങ്ങളിലെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകയുടെ (എ. എഫ് എസ് പ്രകാരം) വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ഇനം | തൻവർഷം | കുടിശ്ശിക |
|---|---|---|
| വസ്തു നികുതി (Residential) | 9,12,394 | 20,67,625 |
| വസ്തു നികുതി ( Non Residential) | 9,43,191 | 10,21,448 |
| വാടക | 9,942 | 12,902 |
| മാർക്കറ്റ് വരവ് | 36,500 | 3,59,055 |
| അകെ | 19,02,027 | 34,61,030 |

ഓഡിറ്റ് വർഷം വരവ് ഇനങ്ങളിൽ 19,02,027 രൂപയും കുടിശ്ശികയിനത്തിൽ , 34,61,030 രൂപയും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ ഈ തുക പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ 3 വർഷം കഴിഞ്ഞാൽ കാലഹരണപ്പെട്ടു പോകുന്നതിനാൽ ഗ്രാമപഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി പഞ്ചായത്തിൽ മുതൽ കൂട്ടേണ്ടതാണ്.

### 2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ തൊഴിൽനികുതി പരിശോധിച്ചതിൽ താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, ചിതറ | I, II |
| 2 | എൻ.എൻ.ഹോസ്പിറ്റൽ, ചിതറ | I, II |
| 3 | ബി.എസ്.എൻ.എൽ ചിതറ | I, II |
| 4 | ചിതറ സർവ്വീസ് സഹകരണ ബാങ്ക് | I, II |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ്, മടത്തറ | I, II |
| 6 | പോബ്സ് എന്റർപ്രൈസസ് ലിമിറ്റഡ് | I |
| 7 | ഇന്ത്യൻ ബാങ്ക്, ചിതറ | I |
| 8 | മേരി റാണി പോപ്പുലർ നിധി ലിമിറ്റഡ് | I, II |
| 9 | കെ എസ് ബി സി, മടത്തറ | II |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 4/13.12.18) ക്രമ നം. 2, 3, 4, 5, 7 സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2-3** <u>വാടക ഈടാക്കിയതായി കാണുന്നില്ല</u>

2017-18 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചക്കമല ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികളുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി നം. | വ്യക്തിയുടെ പേര് | വാടക | കാലയളവ് | ഈടാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 3 | അബ്ദുൽ റഹീം | 518/- | 4/17 – 3/18 | 6216/- |
| 2 | 5 | ബിജു | 336/- | 4/17 – 3/18 | 4032/- |

വാടക സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ എൻക്വയറിക്ക് (നം.5/13.12.2018) വാടകകാർക്ക് പല പ്രാവശ്യം കത്തുകൾ അയച്ചിട്ടുണ്ടെന്നും, വാടക അടയ്ക്കുന്നതിനുള്ള തുടർ നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കി.

വാടകക്കാരിൽ നിന്നും വാടക ഈടാക്കി പഞ്ചായത്തിൽ മുതൽ കൂട്ടേണ്ടതാണ്.

## **2-4** ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം-അടിയന്തിര നടപടികൾ അനിവാര്യം

ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്.ലൈബ്രറിയൻ തസ്തികയിൽ നിയമിതനായ വ്യക്തിയ്ക്ക് വർഷം 1,44,000/- രൂപ ഹോണറേറിയം നൽകുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലൈബ്രറിയിൽ നിന്നും മതിയായ സേവനങ്ങൾ ലഭിക്കുന്നില്ല. ലൈബ്രറിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിലും ചുമതലപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല.

ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ നിന്നും നിലവിൽ അൻപതിന് താഴെ മാത്രമേ സജീവ അംഗങ്ങൾ ഉള്ളൂ എന്നു കാണുന്നു. മാസവരി/മറ്റിനം എന്നീ വരവുകൾ 09/01/2014 വരെ മാത്രമെ ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളൂ.ഇതിനു കാരണമായി രസീതുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും പ്രിന്റ് ചെയ്തു നൽകിയിട്ടില്ലായെന്നാണ് ലൈബ്രറിയൻ മറുപടി നൽകിയത്.ഗ്രാമപഞ്ചായത്തിൽ നിന്നും മുമ്പ് കൈപ്പറ്റിയ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ,വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് ഒഴികെ 2017-2018 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ മറ്റ് ഏഴ് അംഗീകൃത ലൈബ്രറികൾക്ക് ആകെ 1,00,000/-രൂപയുടെ പുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം ഇപ്പോഴും

അവതാളത്തിലാണെന്നത് അധികാരികൾ ശ്രദ്ധിക്കുന്നതേയില്ല. ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ടി വിഷയത്തിൽ വീഴ്ച വരുത്തി.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഭരണസമിതി നൽകിയ വിശദീകരണത്തിൽ ലൈബ്രറിയനെ ഗ്രാമപഞ്ചായത്തിലെ ജോലികൾക്ക് വിനിയോഗിക്കുന്നതായും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.

ടി വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-5** <u>മാട്ടിറച്ചി ലേലം **- 36500/-** രൂപയുടെ ചെക്ക് മടങ്ങി</u>

2017-18 വർഷത്തെ ലേലം പരിശോധിച്ചതിൽ കിഴക്കുംഭാഗം പബ്ലിക്ക് മാർക്കറ്റിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് താല്ക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം 15-3-17 ൽ ശ്രീ. നസീർ എന്നയാൾക്ക് 2,26,000/- രൂപയക്ക് 16.3.17 ലെ II (6) നം. തിരുമാനം പ്രകാരം അംഗീകരിച്ചു നൽകിയതായി കാണുന്നു. എന്നാൽ ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം മുദ്രപത്രത്തിൽ കരാർ വച്ചിട്ടില്ല. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലേലതുക- 2,26,000/-രൂപ

ഒടുക്കിയത് - 5000 രൂപ+1,50,000 രൂപ+5,000 രൂപ=1,60,000/-രൂപ

ബാക്കി ഒടുക്ക് വരുത്തേണ്ടത് =66,000/-രൂപ

ശ്രീ. നസീർ ബാക്കിയുള്ള തുക ലേല നിബന്ധന (5) പ്രകാരം ഒടുക്കവരുത്താത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ (നിബന്ധന (7)) 13.9.17 തീയതിയിലെ G-4892/17 നം. ഉത്തരവ് പ്രകാരം ലേലാവകാശം റദ്ദുചെയ്തു. 15.10.17തീയതിയിൽ പുനർലേലത്തിൽ 66,500/- രൂപയ്ക്ക് ശ്രീ. ഷഫീക്ക് കൈകൊണ്ടു. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ലേലതുക – 66,500/-

ഒടുക്കിയത് - 5,000 + 25,000 = 30,000/-

ബാക്കി വരുത്തേണ്ടത് =36,500/-രൂപ

ബാക്കി ഒടുക്ക് വരുത്തേണ്ട 36,500/- രൂപയുടെ ചെക്ക് പഞ്ചായത്തിൽ കൈമാറിയതായി കാണുന്നു (ചെക്ക് നം. 05131/18.10.17). മതിയായ തുക ശ്രീ. ഷഫീക്കിന്റെ അക്കൗണ്ടിൽ ഇല്ലാത്തതിനാൽ ചെക്ക് മടങ്ങിയതായി അക്കൗണ്ടന്റ് അറിയിച്ചു. ഇതിൻമേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ നൽകിയ എൻക്വയറിക്ക് (7/15.12.18) ഗ്രാമ പഞ്ചായത്തിന്റെ വിവിധ

ലേലങ്ങൾ കൈക്കൊള്ളുന്ന വ്യക്തികൾ പലപ്പോഴും വളരെ ഉയർന്ന തുകയ്ക്ക് ലേലം കൈക്കൊള്ളുകയും ലേല തുകയുടെ കുറവ് സംഖ്യ മാത്രം അടയ്ക്കുകയും പിന്നിട് എഗ്രിമെന്റ് വയ്ക്കാതെ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുകയും ചെയ്യുക എന്ന രീതി വർഷങ്ങളായി തുടരുകയായിരുന്നു. പുനർലേലം കൈക്കൊണ്ടവ്യക്തി പഞ്ചായത്തിന് 36,500/- രൂപയുടെ ചെക്ക് നൽകിയെങ്കിലും ചെക്ക് മടങ്ങുകയാണ് ഉണ്ടായത്. റവന്യൂ റിക്കവറിയിലൂടെ ടി തുക തിരിച്ച് പിടിയ്ക്കുന്നതിനും ചെക്ക് മടങ്ങിയ സംഭവത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബാക്കി തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

വരവ് നഷ്ടം – 36,500/- രൂപ

എൻക്വയറി നം. – 7/15.12.18

### **2-6** <u>ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടില്ല.</u>

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 5,70,900/- രൂപാ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ചിതറ ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ചിതറ ഗ്രാമ പഞ്ചായത്തിലേയ്ക്ക് ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള മുഴുവൻ തുകയും ചിതറ ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### **3-1** <u>പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കാതെ സാധനങ്ങൾ വാങ്ങി</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചല്ല പദ്ധതിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ബിൽ നം. | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| അംഗൻവാടിക്കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ140/18 | 19/15-3-18 | 1,80,000 (വികസന ഫണ്ട്) | 44,500 |
| അംഗൻവാടിക്കുട്ടികൾക്ക് കസേര നൽകൽ 142/18 | 26/31-3-18 | 1,56,450 (വികസന ഫണ്ട്) | 49,170 |
| അംഗൻവാടിക്ക് പ്രഷർക്കുക്കർവാങ്ങൽ 143/18 | 18/15-3-18 | 1,19,600 (വികസന ഫണ്ട്) | 66,654 |
| | ആകെ | 4,56,050 | 1,60,324 |

46 അംഗൻവാടികൾക്കാണ് സാധനങ്ങൾ വാങ്ങിട്ടുള്ളത്. ടെണ്ടർ മുഖാന്തിരം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ വ്യക്തികളിൽ നിന്നുമാണ് ഫൈബർ ഹോഴ്സ്,ബേബി ചെയർ, പ്രഷർകുക്കർ എന്നിവ വാങ്ങിയിട്ടുള്ളത് . എന്നാൽ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ പർച്ചേസിംഗ് കമ്മിറ്റി മുഖാന്തിരം പരിശോധിച്ചതിന്റെ രേഖകൾ ഫയലിലില്ല. മാത്രമല്ല ടെണ്ടർ ക്ഷണിച്ചപ്പോൾ ആവശ്യമായ സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷനുകളും രേഖപ്പെടുത്തിയിട്ടില്ല. പ്രക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് വാങ്ങിയത് എന്ന് ഓഡിറ്റ് എൻക്വയറി -9/17-12-18 ന് മറുപടി ലഭിച്ചെങ്കിലും ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ ഇതു സംബന്ധിച്ച് തിരുമാനങ്ങളില്ല. അടങ്കലായി വലിയ തുക വകയിരുത്തിയിട്ട് 1,60,324/- രൂപ മാത്രമാണ് ചെലവു ചെയ്തിട്ടുള്ളത്. ആയതിനാൽ അംഗൻവാടികൾക്ക് സാധനങ്ങൾ വാങ്ങുമ്പോൾ ഇനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ വയ്ക്കേണ്ടതും, പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുവാനും നിർവ്വഹണോദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5) ,218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ

ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്ക് പ്രകാരം താഴെ രേഖപ്പെടുത്തിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.01.18 ലെ 1 (അജണ്ട-66) തീരുമാനത്തിൽ കിളിത്തട്ട് വാർഡിൽ സർക്കാർ തരിശ് ഭൂമി (ബ്ലോക്ക് നം.56/സർവ്വെ നം.47/09) സ്വകാര്യ വ്യക്തികൾ കയ്യേറിയതായി ലഭിച്ച പരാതിയിൽ 10.01.18 ലെ പഞ്ചായത്ത് തല പരാതി പരിഹാര സമിതി തീരുമാനം പരിഗണിച്ച് ഭൂമി അളന്ന് ലഭിക്കുന്നതിന് തഹസീൽദാർക്കും താലൂക്ക് സർവ്വേയർക്കും കത്ത് നൽകുന്നതിന് അംഗീകരിച്ച് തീരുമാനിച്ചു.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.01.18 ലെ 1 (അജണ്ട-68) തീരുമാനത്തിൽ ശ്രീ.അൻസാരി,വാറുവിളാകത്ത് വീട് ,കുളത്തുമ്മേൽ പച്ച,മാങ്കോട് എന്ന വ്യക്തിയുടെ ഭൂമി പതിവ് സംബന്ധിച്ച നോട്ടീസിന് പഞ്ചായത്തിന് ആക്ഷേപമില്ലാ എന്ന് തീരുമാനിച്ചു.

3. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.01.18 ലെ 2 (അജണ്ട-68) തീരുമാനത്തിൽ ശ്രീമതി ആരിഫാ ബീവി , എന്ന വ്യക്തിയുടെ വാറുവിളാകത്ത് വീട് ,കുളത്തുമ്മേൽ പച്ച,മാങ്കോട് എന്ന വ്യക്തിയുടെ ഭൂമി പതിവ് സംബന്ധിച്ച നോട്ടീസിന് പഞ്ചായത്തിന് ആക്ഷേപമില്ലാ എന്ന് തീരുമാനിച്ചു.

4. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.01.18 ലെ 3(അജണ്ട-68) തീരുമാനത്തിൽ ശ്രീമതി അബൂസാ ബീവി , സഹജത്ത് മൻസിൽ കൈപ്പറ്റ ,ചിറവൂർ എന്ന വ്യക്തിയുടെ ഭൂമി പതിവ് സംബന്ധിച്ച നോട്ടീസിന് പഞ്ചായത്തിന് ആക്ഷേപമില്ലാ എന്ന് തീരുമാനിച്ചു.

5. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.02.18 ലെ 1(അജണ്ട-14) തീരുമാനത്തിൽ പെരിൻങ്ങാട് ബൗണ്ടർ ഭാഗത്ത് 3.5 ഏക്കർ തരിശ് ഭൂമി ഡയറി ഫാം ,കൃഷി എന്നിവ കരാർ അടിസ്ഥാനത്തിൽ തുടങ്ങുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന് കൈമാറുന്നതിന് തീരുമാനിച്ചു.

ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾക്ക് പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന പുറമ്പോക്ക് ഭൂമിയുടെ കൃത്യമായ വിവരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂമി സംബന്ധമായ രേഖകളുടെ കൃത്യത ബോധ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം, നിബന്ധനകൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം.സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്.

## 3-3 എസ്.എൽ.ഐ പ്രീമിയം അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല

വൗച്ചർ പരിശോധിച്ചപ്പോൾ ചിതറ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം GO(P)149/16 Fin dtd 4.10.2016പ്രകാരം ഒടുക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എസ്. എൽ .ഐ

| ജീവനക്കാരുടെ പേര് | ജീവനക്കാരുടെ ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ശമ്പള സ്ലാബ് | ഈടാക്കേണ്ട ഇൻഷ്വറൻസ് തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| ശ്രീ. ഗോപകുമാർ കെ .ജി | അസി. സെക്രട്ടറി | 39,500 | 35700-55349 | 500 | 150 |
| ശ്രീ.പി എസ് സുരേഷ് കുമാർ | സീനി. ക്ലാർക്ക് | 31,500 | 18000-35699 | 300 | 200 |
| ശ്രീ. ഷംനാദ് ഐ | സീനി. ക്ലാർക്ക് | 29,200 | 18000-35699 | 300 | 225 |
| ശ്രീ. ഓമനക്കുട്ടൻ നായർ ബി | സീനി. ക്ലാർക്ക് | 29,200 | 18000-35699 | 300 | 150 |
| ശ്രീ. സച്ചു എസ് | ക്ലാർക്ക് | 19,500 | 18000-35699 | 300 | 250 |

ജീവനക്കാരുടെ എസ്.എൽ. ഐ പ്രീമിയം അടിസ്ഥാന ശമ്പളനിരക്കനുസരിച്ച് ഈടാക്കി വിവരം അറിക്കേണ്ടതാണ്.(എൻക്വയറി നം. 13/18.12.18)

## 3-4 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിന്

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര്/നം. | അടങ്കൽ തുക/ ഫണ്ട് വിവരം | ബിൽ നം./തീയതി | ചെല വഴിച്ച തുക |
|---|---|---|---|
| പഞ്ചായത്ത് ഓഫീസ് നവീകരണം & റീവയറിംഗ് 16/18 | 10,00,000 (വികസന ഫണ്ട്) | 26/24-3-18<br>28/28-3-18<br>29/28-3-18 | 22,150<br>41,500<br>1,17,970 |
| പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ 14/18 | 5,94,976 (ലോക ബാങ്ക്) | 6/11-8-17 | 4,17,600 |

സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ടുകൊണ്ട് 11/17-12-18 നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി/രജിസ്റ്റർ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തിനാൽ ഈ ഇനത്തിൽ നൽകിയ 5,99,220/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി – 11/17-12-18

തടസ്സപ്പെടുത്തിയ തുക – 5,99,220/-

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - തടസ്സപ്പെടുത്തുന്ന തുക 75,55,283/-

സെക്രട്ടറി/ഐ.സി.ഡി.എസ്.സൂപ്പർവൈസർ/വി.ഇ.ഒ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| പദ്ധതിയുടെ പേര്/നം. | വിനിയോഗ സാക്ഷ്യപത്രം നൽകേണ്ട സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക/ ഫണ്ട് വിവരം | ബിൽ നം./ തീയതി സാംഖ്യ ബിൽ നം. | ചെലവ് തുക |
|---|---|---|---|---|
| സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ<br>1)മൃഗാശുപത്രിക്ക് വയറിംഗ് (12/18) | പി.ഡബ്ളിയു.ഡി. ബിൽഡിംഗ് ഡിവിഷൻ | 1,25,000 (എം.ഐഎഫ്. റോഡിതരം) | 27/28-3-18 | 1,22,363 |
| 2)ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (132/18) | കെ.എസ്.ഇ.ബി. | 5,00,000 (തനത് ഫണ്ട്) | 503650720117008 =60111/16.8.17<br>503650720117010 =14466/10/08.17 | 4,09,545 |

| | | | | |
|---|---|---|---|---|
| | | | 503650720117011 =6001/16.08.17 503650720117015 =142873/19.08.17 503650720117019 =28178/15.11.17 503650720117022 =32301/14.12.17 503650720117024 =35216/14.12.17 503650720117026 =7464/23.12.17 503650720117030 =36050/10.01.18 50365072011703 =27227/10.01.18 503650720117057 =19658/15.3.18 | |
| 3)വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ .(327/18) | കേരള വാട്ടർ അതോറിറ്റി | 29,74,228 (ധനകാര്യ കമ്മിഷൻ) | 20/22-2-18 | 29,00,000 |
| 4)എസ്.എസ്.എ വിഹിതം.(130/18) | സർവ്വ ശിക്ഷ അഭിയാൻ | 12,00,000 (വികസന ഫണ്ട്) | 5/12-7-17 | 12,00,000 |
| 5)ഐ.കെ.എം വിഹിതം (125/18) | ഇൻഫർമേഷൻ കേരള മിഷൻ | 2,00,000 (വികസന ഫണ്ട്) | 18/22-2-18 | 181120 |
| 6)തെരുവ് വിളക്ക് LEDലൈറ്റ് സ്ഥാപിക്കൽ 341/18 | കെൽട്രോൺ | 300000 (ധനകാര്യ കമ്മിഷൻ) | 24/24-3-18 | 300000 |
| 7)സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (144/18) | കെ.എസ്.ഇ.ബി. | 1500000 (ധനകാര്യ കമ്മിഷൻ) | 19/22-2-18 | 1271909 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി 8)അംഗപരിമിതർക്ക് മുചക്ര വാഹനം(120/18) | ജില്ലാ പഞ്ചായത്ത് | 9,00,000 (വികസന ഫണ്ട്) | 7/14-10-17 | 9,00,000/- |
| 9) വി.ഇ.ഒ (മാങ്കോട് സർക്കിൾ) | ബ്ലോക്ക് പഞ്ചായത്ത് | 5,75,000 (വികസന | (ബിൽ നം: 01/17-18; | 41,429/- |

| | | | | |
|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി പി.എം.എ.വൈ അധിക വിഹിതം | | ഫണ്ട് എസ്.സി.പി) | 10-11-17) (ബിൽ നം: 06/17-18; 23-02-18 ) | |
| 10)വി.ഇ.ഒ (മാങ്കോട് സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി പി.എം.എ.വൈ അധിക വിഹിതം | ബ്ലോക്ക് പഞ്ചായത്ത് | 7,20,000 (വികസന ഫണ്ട് എസ്.സി.പി) | ( ബിൽ നം: 02/17-18; 10-11-17) (ബിൽ നം: 05/17-18; 23-02-18 ) | 2,28,917/- |

ഇതു സംബന്ധിച്ച 17/12/18 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം-9,11ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു.വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ 75,55,283/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം-9 – ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ഓഡിറ്റ് എൻക്വയറി നം-11 – സെക്രട്ടറി

## 3-6 തൊഴിൽ രഹിത വേതനം അനർഹമായി വേതനം നൽകി

തൊഴിൽ രഹിത വേതനം അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്നവർക്ക് 35 വയസ്സിനു ശേഷവും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | റോൾ നം./പേര്, വിലാസം | ജനന തീയതി | 35 വയസ്സ് തീരുന്ന തീയതി | അധിക വേതനം - തീയതി/മാസം | തുക , ബിൽ നം. /തീയതി |
|---|---|---|---|---|---|
| 1 | 682 സന്ധ്യാമോൾ മന്ദിരംക്കുന്ന് , മതിര പി ഒ | 30.5.1982 | 5/17 | 26.8.17- 6/17,7/17 | 120X2=240, 8/17-18/ 22.8.18 |
| | | | | 23.7.18 - 8/17- 3/18 | 120X8=960, 6/18-19/ 21.7.18 |
| 2 | 1032 സ്വപ്ന എൽ | 28.1.1983 | 1/18 | 23.8.17- 2/18, 3/18 | 120X2=240, 8/17-18/ |

| | | | | | |
|---|---|---|---|---|---|
| | വട്ടവിള വീട്, ശിവൻമുക്ക്, മടത്തറ പി ഒ | | | | 22.8.17 |
| | | | | ആകെ | 1,440/- |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.18/21.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തൊഴിൽ രഹിത വേതനം തിരികെ ഈടാക്കേണ്ടതാണ്.

അധിക നൽകിയ തുക – 1,440/-

എൻക്വയറി നം. – 18/21.12.18

## 3-7 ദേശീയ തൊഴിലുറപ്പ് പദ്ധതി-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള നിർവ്വഹണം

2017- 18 സാമ്പത്തിക വർഷത്തിൽ 3,483 കുടുംബങ്ങൾക്കായി 2,37,936 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 780 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി . ആകെ 5,59,47,605/ -രൂപയുടെ ചെലവ് ഭൂവികസനം, ജലസംരക്ഷണ പ്രവൃത്തികൾ, ഐ.എ.വൈ ഭവന നിർമ്മാണ പ്രവർത്തികൾ എന്നിവയ്ക്കാണ് മുഖ്യമായും തുക വിനിയോഗിച്ചത്. ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നാമമാത്രമായാണ് നടപ്പാക്കിയിട്ടുള്ളത്.

2.എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

3. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

4.നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നില്ല.

5.പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

6.ഐ.എ.വൈ ഭവന നിർമ്മാണ പ്രവൃത്തികളിൽ തൊഴിലാളികളുടെ പങ്കാളിത്തം തെളിയിക്കുന്ന ഫോട്ടോകൾ ഇല്ല.

7. നടപ്പിലാക്കിയ പ്രവൃത്തികളുടെ എല്ലാം M ബുക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. M ബുക്കിൽ രേഖപ്പെടുത്താതെ മൂല്യനിർണ്ണയ പത്രികയുടെ അടിസ്ഥാനത്തിലും

,ചുമതലപ്പെട്ട അസി.സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയും തൊഴിലാളികൾക്ക് വേതനം അനുവദിച്ചു.ഇതു സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് (MGNREGA Operational Guidelines 2013)

8. പ്രവൃത്തിയുടെ ഫോട്ടോകൾ എല്ലാ ഫയലുകളിലും ഉൾപ്പെടുത്താത്തതിനാൽ , പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , സാധിക്കുന്നില്ല.

9. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ , പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

10. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

11. ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അപാകതകൾ പരിഹരിയ്ക്കുന്നതാണെന്ന് നിലവിലെ അസി.സെക്രട്ടറി അറിയിച്ചു. ചൂണ്ടിക്കാണിച്ച ന്യൂനതകൾ ഗൗരവമുള്ളതായതിനാൽ പദ്ധതി നടത്തിപ്പ്/നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദമായ മൂല്യനിർണ്ണയ പരിശോധന എന്നിവയ്ക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/19.12.18.

## **3-8** <u>ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല</u>

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ , സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത , ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)ഗുണഭോക്തൃസമിതി രൂപീകരണത്തിനായി നോട്ടീസ് വിതരണം നടത്തിയിട്ടില്ല
ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടേ യോഗം ,ബ്ലോക്ക് പ്രസിഡന്റോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ ബന്ധപ്പെട്ട വാർഡ് മെമ്പറോ ചുരുങ്ങിയത് മൂന്ന് ദിവസങ്ങൾക്ക് മുമ്പ്

നോട്ടീസുകൾ വിതരണം നടത്തി വിളിച്ച ചേർക്കണം എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

2)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല
ഗുണഭോക്തൃ സമിതി ചെയർമാൻ ,കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് , നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ, ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ ക്യാഷ് അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽ നിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി , കൺവീനർമാർ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയ സാമ്പത്തിക ഇടപാടുകൾ, ചെക്ക്/ഡി.ഡി. /അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ ഹാജരാക്കിയ രേഖകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിയ്ക്കുന്നില്ല.
3)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയ്ക്കുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു) ,എല്ലാ സാധന സാമഗ്രികളും അംഗീകൃത ഡീലറിൽ നിന്നും വാങ്ങുന്നില്ല.വൗച്ചറുകൾ എല്ലാം ക്രമ നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃ സമിതികൾ , അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.
4)വരവ്- ചെലവ് കണക്ക് അച്ചടിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല
ഗുണഭോക്തൃസമിതി കൺവീനർ വരവ്- ചെലവ് കണക്ക് അച്ചടിപ്പിച്ച് സമിതി അംഗങ്ങൾക്ക് നൽകുന്നില്ല.

വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ , മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേൽ

അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-9 ഹെഡ്മാസ്റ്റർ, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

1)ST വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ:
പദ്ധതി: 329/18 (വികസന ഫണ്ട്) (TSP)
അടങ്കൽ:1,00,000/- രൂപ
ചെലവ്: 60,395/- രൂപ
എൻക്വയറി:02/12-12-18
ബിൽ നം:4/17-18(23-3-18)

8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തുന്ന പദ്ധതിയിൽ 60394/- രൂപ ചെലവഴിച്ച് Murali cycles, കരുനാഗപ്പള്ളിയിൽ നിന്നും 6 Boy cycles 3475/- നിരക്കിലും 11 girl cycles 3595/- നിരക്കിലും (ആകെ 17 cycles) വാങ്ങിയിട്ടുണ്ട്. 17 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ 17 ഗുണഭോക്താക്കൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല, കൂടാതെ പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. Dr. AMMRHSS, കട്ടേല, ശ്രീകാര്യം എന്ന സ്കൂളിൽ നിന്ന് നൽകിയ കത്തിൽ വിദ്യാർത്ഥി 2017-18 അദ്ധ്യയന വർഷം ഏത് ക്ലാസ്സിൽ പഠിക്കുന്നു എന്നത് സംബന്ധിച്ച പരാമർശമില്ല. അപാകതകൾ കണക്കിലെടുത്ത് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സ്കൂളിൽ നിന്ന് അഡ്മിഷൻ നമ്പർ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ വാങ്ങിയിട്ടുണ്ടെന്നും, കുട്ടികളുടെ ജാതി സർട്ടിഫിക്കറ്റ് ഉടൻ ഹാജരാക്കുന്നതുമാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത് എൻക്വയറിക്കുള്ള കൃത്യമായ മറുപടിയല്ലാത്തതിനാൽ ആയത് അംഗീകരിക്കുന്നില്ല.

2) തുല്യതാ പഠനം:
പദ്ധതി: 170 / 18
അടങ്കൽ: 50,000/-
ചെലവ് :50,000/-(തനത് ഫണ്ട് )
എൻക്വയറി :2/12-12-18

പത്താംതരം തുല്യതാ പഠനങ്ങൾക്കായി തിരഞ്ഞെടുത്ത 11 പേർക്കുള്ള തുക 19,250/- രൂപ, പന്ത്രണ്ടാം തരം തുല്യതയ്ക്ക് വേണ്ടി 16 പേർക്ക് 31,200/- രൂപയും (ഡി ഡി നം. 777201 /27.6.2018, തുക 50,000/- Indian Bank) സാക്ഷരതാ മിഷൻ ജില്ലാ പ്രോജക്ട് കോഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ

പദ്ധതിയുടെ ഭാഗമായി നടത്തേണ്ട പ്രവർത്തനങ്ങളായ പുസ്തകം വാങ്ങൽ, പരിശീലനം, പ്രചാരണം, യാത്രാബത്ത, ഡോകുമെന്റേഷൻ, ഓണറേറിയം നൽകൽ, മോണിറ്ററിംഗ്,സംഗമം എന്നിവയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. തുക 50,000/-തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 1,10,394/-

**3-10** <u>ടെസ്റ്റിംഗ് റിപ്പോർട്ട് ഇല്ല.**-3500/-**രൂപ തടസ്സപ്പെടുത്തുന്നു.</u>

പദ്ധതിയുടെ പേര്-ചക്കമല ഫ്ളാറ്റിൽ കുഴൽ കിണർ നിർമ്മാണം

പ്രോജക്ട് നം.147/18

അടങ്കൽ തുക-2,00,000/-(ധനകാര്യകമ്മീഷൻ അവാർഡ്)

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

(വൗച്ചർ നം.21700936/15-12-17)

(ഡി.ഡി.നം.523972/19-12-17)

ചക്കമല ഫ്ളാറ്റുമായി ബന്ധപ്പെട്ട് ഭൂഗർഭജല പരിശോധനയ്ക്കായി ഭൂഗർഭജല അതോറിറ്റിക്ക് തുക നൽകിയെങ്കിലും ആയതിന്റെ പരിശോധന റിപ്പോർട്ട് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. പരിശോധന റിപ്പോർട്ട് ഇല്ലാത്തിനാൽ 3,500/-രൂപ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ പദ്ധതി നടപ്പാക്കാത്തിന്റെ കാരണവും വിശദമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 3,500/-

**3-11** <u>മൃഗാശുപത്രിക്ക് അടിസ്ഥാന സൗകര്യ വികസനം- പ്രോജക്ടിനു വേണ്ടി സർക്കാർ ഉത്തരവിനു വിരുദ്ധമായി സാധനങ്ങൾ വാങ്ങി.</u>

പദ്ധതി നം.180/18

അടങ്കൽ തുക.2,00,000/-(വികസന ഫണ്ട്)

ചെലവഴിച്ച തുക. 1,72,872/-

ബിൽ നം.17/24-3-18- 172872

ഓഡിറ്റ് എൻക്വയറി നം. 15/19-12-18

വെറ്റിനറി സർജൻ നിർവഹിച്ച മൃഗാശുപത്രിക്ക് അടിസ്ഥാന സൗകര്യ വികസനം പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സാധനങ്ങൾ വാങ്ങിയത് സിഡ്കോയിൽ നിന്നുമായിരുന്നു. എന്നാൽ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നു സാധനങ്ങൾ വാങ്ങണമെങ്കിൽ അത് സിഡ്കോ നേരിട്ട്

ഉൽപാദിപ്പിക്കുന്നവയായിരിക്കണം. വിശദാംശങ്ങൾ ചുവടെ .

| സാധനങ്ങളുടെ പേര് | എണ്ണം | തുക രൂപ |
|---|---|---|
| പ്ളാസ്റ്റിക്ക് മോൾഡിഡ് കസേര | 9 | 4,797 |
| പ്രോജക്റ്റർ -ഹിറ്റാച്ചി ,16w സ്പീക്കർ | 1 | 44,000 |
| ട്രൈപ്പോഡ് സ്കീൻ | 1 | 11,000 |
| കാനോൺ ലേസർ പ്രിന്റർ | 1 | 8,983 |
| ഫ്രിഡ്ജ്-ഗോദറേജ് 192 ലിറ്റർ | 1 | 18,671 |
| | ആകെ | 87,451 |

സർക്കാർ ഉത്തരവ് നം.2638/17തസ്വഭവ.ഡി.എ.തീ. 29/7/17 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സിഡ്കോ ഉത്പ്പാദിപ്പിക്കുന്ന സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടുള്ളു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 87,451/- രൂപ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദേശം ലംഘിച്ച് സാധനങ്ങൾ വാങ്ങിയതിനാൽ നിർവഹണോദ്യോഗസ്ഥന്റെ തൃപ്തികരമായ വിശദീകരണവും സർക്കാരിന്റെ അനുമതിയും ഉണ്ടെങ്കിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

തടസ്സം – 87,451/-

**3-12** ഒരേ ഡ്രഗ്ഗ് ലൈസൻസിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ചു . മാർഗ്ഗ നിർദേശങ്ങളും ലംഘിച്ചു.

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ മരുന്നു വാങ്ങൽ പദ്ധതികൾക്ക് ഒരേ ഡ്രഗ്ഗ് ലൈസൻസിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കി . ഇതു കൂടാത സ.ഉ.(എം.എസ്)നം.80/17 ത.സ്വ.ഭ.വ തീ.3.04.17 സർക്കാർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ബിൽ നം. | ക്വട്ടേഷൻ വാങ്ങിയ സ്ഥാപനങ്ങളുടെ പേര് | അടങ്കൽ/ ചെലവഴിച്ച തുക രൂപ | റിമാർക്ക്സ് |
|---|---|---|---|---|
| മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 13/27-2-18 | 1)നൈസ് വെറ്റിനറി | 4,00,000 (വികസന | 1)നോൺ അവേലബിലിറ്റി |

| | | | | |
|---|---|---|---|---|
| 209/18 | | അസോസിയേറ്റ്സ് നിലമേൽ<br>2)ശ്രീവൽസം അസോസിയേറ്റ്സ്, വട്ടിയൂർക്കാവ്<br>3) ലൈഫ് കെയർ മെഡിക്കൽസ്, നന്ദൻകോട് | ഫണ്ട്) | സർട്ടിഫിക്കേറ്റ് വാങ്ങിയിട്ടില്ല.<br>2) എല്ലാ സ്ഥാപനങ്ങൾക്കും ഒരേ ഡ്രഗ്ഗ് ലൈസൻസ് നമ്പർ-kl/klm /117785/ 117786 |
| ധാതു ലവണം-വിരമരുന്ന് 183/18 | 12/27-2-18 | 1)നൈസ് വെറ്റിനറി അസോസിയേറ്റ്സ് നിലമേൽ<br>2)ശ്രീവൽസം അസോസിയേറ്റ്സ്, വട്ടിയൂർക്കാവ്<br>3) ലൈഫ് കെയർ മെഡിക്കൽസ്, നന്ദൻകോട് | 3,00,000 (വികസന ഫണ്ട്) | 1) എല്ലാ സ്ഥാപനങ്ങൾക്കും ഒരേ ഡ്രഗ്ഗ് ലൈസൻസ് നമ്പർ-kl/klm /117785/ 117786 |
| | | | 7,00,000 | |

മേൽ സ്ഥാപനങ്ങളിൽ നൈസ് വെറ്റിനറി നിലമേൽ എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്നുകൾ വാങ്ങിയത്. മറ്റ് രണ്ടു സ്ഥാപനങ്ങളുടെ ക്വട്ടേഷൻ രേഖകൾ കൃത്യമല്ല. ക്വട്ടേഷനിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ഒരേ ഡ്രഗ്ഗ് ലൈസൻസ് നംപർ രേഖപ്പെടുത്തിയത് നിർവ്വഹണോദ്യോഗസ്ഥനായ വെറ്റിനറി സർജൻ പരിശോധിക്കാതെ തുടർനടപടികൾ സ്വീകരിച്ചത് ഗുരുതരമായ വിഴ്ചയാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നടപ്പിലാക്കാത്തിനാൽ ഈ ഇനത്തിൽ നൽകിയ 7,00,000 രൂപ തടസ്സപ്പെടുത്തുന്നു. മതിയായ പരിശോധന നടത്താതെ വാങ്ങലിന് അംഗീകാരം നൽകിയ പർച്ചേസിംഗ് കമ്മിറ്റിയും ചുമതല നിർവ്വഹിക്കുന്നതിൽ വിഴ്ചവരുത്തിയിട്ടുണ്ട്. ഒരേ ഡ്രഗ്ഗ് ലൈസൻസ് നമ്പരുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നുമുള്ള ക്വട്ടേഷൻ സ്വീകരിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തി നിർവ്വഹണോദ്യോഗസ്ഥനെതിരെ നടപടി

സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 12/17.12.18

തടസ്സപ്പെടുത്തിയ തുക – 7,00,000/-

**3-13** <u>കറവയുള്ള പെണ്ണാട് പദ്ധതി- സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചില്ല.</u>

പദ്ധതി നം.318/18

അടങ്കൽ തുക.20,00,000/-(വികസന ഫണ്ട് -10,00,000/- ഗുണഭോക്തൃ വിഹിതം -10,00,000/-)

ചെലവഴിച്ച തുക.20,00,000/- രൂപ

ബിൽ നം.5/16-1-18 -3,00,000

ബിൽ നം:2/16-1-18- 1,40,000

ബിൽ നം:6/16-1-18- 2,90,000

ബിൽ നം:9/16-1-18- 1,50,000

ബിൽ നം:10/16-1-18- 1,20,000

നിർവഹണോദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

100 ഗുണഭോക്താക്കൾക്ക് 2 ആടുകളെ വീതം നൽകുക എന്നതാണ് പദ്ധതി. ഒരാടിന് 10,000/- രൂപ നിരക്കിൽ ഒരു യൂണിറ്റ് രണ്ടാട്= 20,000/-രൂപ.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1)സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പ്രകാരം 12-ാം പഞ്ചവത്സരപദ്ധതിയിൽ ഈ ആനുകൂല്യം ലഭിച്ചവർ നിലവിൽ അർഹരല്ല.ആയത് പരിശോധിച്ചതിന്റെ വിവരം ഇല്ല.

2)ടെണ്ടർ അംഗീകൃത ഗോട്ട് ഫാമിൽ നിന്ന് വാങ്ങിയിട്ടില്ല.

3)പർച്ചേസിംഗ് കമ്മിറ്റി പരിശോധിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് തീയതിയിൽ എന്നില്ല.100 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത് എന്നാൽ 128 ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കി.

4)പഞ്ചായത്തിന് പുറത്ത് നിന്ന് കറവയുള്ള ആടുകളെ വാങ്ങി പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പകരം പഞ്ചായത്തിന് ഉള്ളിൽ തന്നെയാണ് കൂടുതൽ കൈമാറ്റവും നടന്നിരിക്കുന്നത്.

5)കരാർ രേഖയിൽ ഒന്നും രേഖപ്പെടുത്തുന്നില്ല.

6)ഒരേ റേഷൻകാർഡിലും, ആധാർ കാർഡ് എന്നിവ പ്രകാരം ബന്ധുക്കൾ തമ്മിൽ ആടുകളെ കൈമാറ്റം നടത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്തവിന്റെ പേര്/ വിലാസം | ആടിനെ വിറ്റ വ്യക്തിയുടെ വിലാസം | റേഷൻകാർഡ്, ആധാർ കാർഡ് വിവരം | തുക രൂപ. |
|---|---|---|---|---|
| 1 | നൂർജഹാൻ,സെമി ഹൗസ്,കനകമല | സെയ്യുഫുദ്ദീൻ സെമി ഹൗസ്, കനകമല | 1208073040/710489459096 എന്ന റേഷൻകാർഡ്, ആധാർ കാർഡ് പ്രകാരം (ഭാര്യ-ഭർത്താവ് ) | 10,000 |
| 2 | ദിവാകരൻ,റീനാ വിലാസം,നാലുമുക്ക്,മാങ്കോട് | റീന , റീനാ വിലാസം, നാലുമുക്ക്, മാങ്കോട് | 739561186202 ആധാർ കാർഡ് പ്രകാരം (അച്ഛൻ-മകൾ) | 10,000 |
| 3 | സുധ.സി, തടത്തിവിള വീട്,മാങ്കോട് | സഹദേവൻ, തടത്തിവിള വീട്, മാങ്കോട് | 1208118340/ 432918884380 എന്ന റേഷൻകാർഡ്,ആധാർ കാർഡ് പ്രകാരം (ഭാര്യ-ഭർത്താവ് ) | 10,000 |
| 4 | ഷംലബീവി, ഷിജിന മൻസിൽ, കൊല്ലയിൽ | ഷിജിന.എസ്. ഷിജിന മൻസിൽ, കൊല്ലയിൽ | 1208139430/239835415368 എന്ന റേഷൻകാർഡ്, ആധാർ കാർഡ് പ്രകാരം (അമ്മ-മകൾ) | 10,000 |
| 5 | നാണക്കുട്ടിയമ്മ, സുനിൽ മന്ദിരം, ബൗണ്ടർമുക്ക് | അനിൽ കുമാർ സുനിൽ മന്ദിരം, ബൗണ്ടർമുക്ക് | 1208074030 എന്ന റേഷൻകാർഡ് പ്രകാരം ( അമ്മായിഅമ്മ-മരുമകൻ) | 10,000 |
| 6 | നജില, അജ്മൽ മൻസിൽ, (ബ്സ്മില്ലാ മൻസിൽ) ബൗണ്ടർമുക്ക് | മുഹമ്മദ് സാലി, ബിസ്മില്ലാമൻസിൽ ബൗണ്ടർമുക്ക് | 970173847114 എന്ന ആധാർ കാർഡ് പ്രകാരം (മകൾ-അച്ഛൻ) | 10,000 |
| 7 | സരസ്വതിയമ്മ പാറവിളപുത്തൻ വീട്,കല്ലടക്കരിക്കം | ബിന്ദു.എസ് പാറവിളപുത്തൻ വീട്, കല്ലടക്കരിക്കം | 654038701210 എന്ന ആധാർ കാർഡ് പ്രകാരം (അമ്മ-മകൾ) | 10,000 |
| 8 | വത്സലകുമാരി തടത്തരികത്ത് വീട്,മതീര | സോമൻ തടത്തരികത്ത് വീട്, മതീര | 1208073393/862179887427 എന്ന റേഷൻകാർഡ്, ആധാർ കാർഡ് പ്രകാരം (ഭാര്യ-ഭർത്താവ്) | 10,000 |

7)ഒരേ കുടുംബത്തിലുള്ളവർ രണ്ട് തവണ ആനുകൂല്യം കൈപറ്റിയിരിക്കുന്നു.ആടിനെ മകൾക്ക് വിറ്റ വ്യക്തിക്ക് തന്നെ ആട് വാങ്ങാനായി ആനുകൂല്യം നൽകിയിരിക്കുന്നു.

| ഗുണഭോക്തതാവിന്റെ പേര്/ വിലാസം | ആടിനെ വിറ്റ വ്യക്തിയുടെ വിലാസം | രേഷൻകാർഡ്, ആധാർ കാർഡ് വിവരം | തുക |
|---|---|---|---|
| റീജ,ബി..ബി ഹൗസ്,ചിറവൂർ | രുക്ക്മണിയമ്മ ബി..ബി ഹൗസ്,ചിറവൂർ | 1208125724/652994275470 എന്ന രേഷൻകാർഡ്,ആധാർ കാർഡ് പ്രകാരം (മകൾ-അമ്മ) | 10,000 |
| രുക്ക്മണിയമ്മ ബി..ബി ഹൗസ്,ചിറവൂർ | റീന, പഴനിവിലാസം | 1208125724 രേഷൻകാർഡ് | 10,000 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആട്ടുകളെ ബന്ധുക്കൾ തമ്മിൽ കൈമാറ്റം നടത്തി സബ്സിഡി തുക കൈപറ്റിയിരിക്കുന്നതിനാൽ ഈ ഇനത്തിൽ നൽകിയ (80,000 +10,000)90,000/- രൂപ നിരാകരിക്കുന്നു. സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പാലിക്കാത്തിനാൽ

നിരാകരിച്ച തുക ഒഴികെയുള്ള 9,10,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.-12/17-12-18
നിരാകരിച്ച തുക -90,000/-
തടസ്സപ്പെടുത്തിയ തുക – 9,10,000

**3-14** <u>കിടാരി വളർത്തൽ പദ്ധതിയിലെ അപാകതകൾ **3,35,000/-** രൂപ തടസ്സപ്പെടുത്തുന്നു. **15,000/-** രൂപ നിരാകരിക്കുന്നു.</u>

പദ്ധതി നം.319/18

അടങ്കൽ തുക.7,50,000/-(വികസന ഫണ്ട് -3,75,000/-ഗുണഭോക്തൃ വിഹിതം-3,75,000/-)

ചെലവഴിച്ച തുക.7,00,000/-

ബിൽ നം.4/16-1-18- 85,000

ബിൽ നം:7/16-1-18- 1,00,000

ബിൽ നം:14/27-2-18- 1,20,000

ബിൽ നം:15/27-2-18- 35,000

ബിൽ നം:22/31-3-18-10,000

ഓഡിറ്റ് എൻക്വയറി നം.- 12/17-12-18

നിർവഹണോദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

75 കുടുംബങ്ങൾക്ക് 10,000/- രൂപ വില വരുന്ന ഓരോ കിടാരി വീതം നൽകുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചത്. 18 മാസം പ്രായം വരുന്ന കിടാരിയെ വാങ്ങുമ്പോൾ സബ്സിഡി തുകയായ 5,000/- രൂപ കിടാരിയെ വാങ്ങിയ ആളിന് നൽകുന്നു. ഫയൽ പ്രകാരം 70 കുടുംബങ്ങൾക്കാണ് ആനുകൂല്യം ലഭിച്ചത്.പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1)അംഗീകൃത ഫാമുകളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് കിടാരിയെ വാങ്ങിയിട്ടില്ല.

2)പർച്ചേസിംഗ് കമ്മിറ്റി പരിശോധിച്ച് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് തീയതിയിൽ എന്ന വിവരം ഇല്ല. 70 പേർക്കാണ് ആനുകൂല്യം ലഭിച്ചത് എന്നാൽ 56 ഇൻഷ്വറൻസ് രേഖകളാണ് ഹാജരാക്കിയത്.

3)പഞ്ചായത്തിന് അകത്ത് നിന്ന് തന്നെ ഭൂരിഭാഗം കിടാരികളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു. ആയതിനാൽ കാലി സമ്പത്ത് വർദ്ധിക്കുന്നില്ല.

4)ഒരേ റേഷൻകാർഡ്, ആധാർ കാർഡ് എന്നിവ പ്രകാരം ബന്ധുക്കൾ തമ്മിൽ

കിടാരികളെ കൈമാറ്റം നടത്തിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/ വിലാസം | കിടാരിയെ വിറ്റ വ്യക്തിയുടെ വിലാസം | റേഷൻകാർഡ്, ആധാർ കാർഡ് വിവരം | തുക |
|---|---|---|---|
| മുനിറ ബീവി നസ്രമൻസിൽ പള്ളിക്കുന്നുപ്പുറം | നാസറുദ്ദീൻ നസ്രമൻസിൽ പള്ളിക്കുന്നുപ്പുറം | 1208074009 റേഷൻ കാർഡ് 216611146980 ആധാർകാർഡ് പ്രകാരം (ഭാര്യ-ഭർത്താവ്) | 5000 |
| ബിന്ദു, പാറവിളപുത്തൻ വീട്,മടത്തറ | സരസ്വതിയമ്മ പാറവിളപുത്തൻ വീട്,മടത്തറ | 1208151587 റേഷൻ കാർഡ് 654038701210 ആധാർകാർഡ് പ്രകാരം (മകൾ-അമ്മ) | 5000 |
| ഷീന,വള്ളുത്തോട്ടത്തിൽ, | സിന്ധു | 1208056371 | 5000 |

| | | | |
|---|---|---|---|
| വളവുപച്ച | വള്ളുത്തോട്ടത്തിൽ, വളവുപച്ച | റേഷൻ കാർഡ് പ്രകാരം (സഹോദരിമാർ) | |

5) കരാർ പത്രത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മേൽ രേഖകൾ കൃത്യമായിട്ട് സൂക്ഷിക്കാത്തിനാൽ ഈ ഇനത്തിൽ നൽകിയ 3,35,000/- രൂപ തടസ്സപ്പെടുത്തുന്നു. കിടാരികളെ ബന്ധുക്കൾ തമ്മിൽ കൈമാറ്റം നടത്തി സബ്സിഡി തുക കൈപ്പറ്റിയിരിക്കുന്നതിനാൽ ഈ ഇനത്തിൽ നൽകിയ 15,000/- രൂപ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 12/17-12-18

നിരാകരിക്കുന്ന തുക – 15,000/

തടസ്സപ്പെടുത്തിയ തുക – 3,35,000/-

**3-15** <u>കറവ പശു വളർത്തൽ-രേഖകൾ കൃത്യമല്ല.**25,50,000/-** രൂപ തടസ്സപ്പെടുത്തുന്നു.**75,000/-** രൂപ നിരാകരിക്കുന്നു.</u>

പദ്ധതി നം.321/18

അടങ്കൽ തുക.52,50,000/-(പ്ളാൻ-26,25,000/- ഗുണഭോക്തൃവിഹിതം-26,25,000/-)

ചെലവഴിച്ച തുക.52,50,000/-(പ്ളാൻ-26,25,000/- ഗുണഭോക്തവിഹിതം-26,25,000/-)

ബിൽ നം.1/16-1-18- 4,00,000

ബിൽ നം:3/16-1-18- 4,00,000

ബിൽ നം:8/16-1-18- 1,00,000

ബിൽ നം:11/16-1-18- 100000

ബിൽ നം:16/27-2-18- 1,00,000

ബിൽ നം:18/24-3-18- 6,00,000

ബിൽ നം:20/24-3-18- 9,25,000

ഓഡിറ്റ് എൻക്വയറി നം.- 12/17-12-18

നിർവഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

105 പേർക്ക് 50,000/- രൂപ വിലവരുന്ന കറവപശുവിനെ നൽകുന്നതായിരുന്നു പദ്ധതി. പർച്ചേസിംഗ് കമ്മിറ്റി രൂപികരിച്ച് കമ്മിറ്റി തിരുമാനപ്രകാരം പശുവിനെ നൽകുന്ന ഏജൻസി/വ്യക്തിക്ക് സബ്സിഡി തുക നൽകുക, പുറമേയുള്ള പഞ്ചായത്തിൽ നിന്ന് പശുവിനെ വാങ്ങുന്നവർക്ക് മുൻഗണന, കുറഞ്ഞത് 3 വർഷം വളർത്തിക്കൊള്ളാമെന്ന് 100 രൂപ പത്രത്തിൽ കരാർ എന്നിവയായിരുന്നു പദ്ധതി നിബന്ധനകൾ. പരിശോധന നടത്തിയതു സംബന്ധിച്ച പരാമർശങ്ങൾ ചുവടെ.

1)സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പ്രകാരം 12-ാം പഞ്ചവത്സരപദ്ധതിയിൽ ഈ ആനുകൂല്യം ലഭിച്ചവർ നിലവിൽ അർഹരല്ല എന്നുള്ള മാനദണ്ഡം ഈ പദ്ധതിയിൽ പരിശോധിച്ചിട്ടില്ല.

2)ടെണ്ടർ മുഖാന്തിരം അംഗീകൃത ഫാമിൽ നിന്ന് പശുവിനെ വാങ്ങണമെന്ന നിർദേശം പാലിച്ചിട്ടില്ല.

3)പർച്ചേസിംഗ് കമ്മിറ്റി പരിശോധിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് തീയതിയിൽ എന്നില്ല. 105 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത് എന്നാൽ 98 ഇൻഷ്വറൻസ് രേഖകളാണ് ഹാജരാക്കിയത്.

4) കുറഞ്ഞത് 3 വർഷം വളർത്തിക്കൊള്ളാമെന്ന് ഉറപ്പുതരുന്ന കരാർ വച്ചിട്ടില്ല.

5) പുറമേയുള്ള പഞ്ചായത്തിൽ നിന്ന് പശുവിനെ വാങ്ങുന്നവർക്ക് മുൻഗണനയുണ്ടെങ്കിലും അപേക്ഷകളിൽ ഭൂരിഭാഗം പേരും പഞ്ചായത്തിനുള്ളിൽതന്നെയാണ് വാങ്ങൽ/വിൽപന നടത്തിയിരിക്കുന്നത്. ആയതിനാൽ പഞ്ചായത്തിനുള്ളിൽ പാൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം അപ്രാപ്യമായി.

6)പുറമേയുള്ള പഞ്ചായത്തിൽ നിന്ന് പശുവിനെ വാങ്ങിയവർ എത്രയാണ് എന്നകണക്ക് പർച്ചേസിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ നടത്തിയിട്ടില്ല.

7)ഒരേ റേഷൻകാർഡിലും, ആധാർ കാർഡ് ,ഇലക്ഷൻ ID,എന്നിവ പ്രകാരം ബന്ധുക്കൾ തമ്മിൽ പശുവിനെ കൈമാറ്റം നടത്തിയിരിക്കുന്നു.വിശദാംശങ്ങൾ ചുവടെ.

| ഗുണഭോക്താവിന്റെ പേര്/ വിലാസം | കറവപശുവിനെ വിറ്റ വ്യക്തിയുടെ വിലാസം | റേഷൻകാർഡ്,ആധാർ കാർഡ് ഇലക്ഷൻ ID വിവരം | തുക |
|---|---|---|---|
| അബിദാ ബീവി | ഷാജിമ | FWD2807485 ഇലക്ഷൻ ID പ്രകാരം | 25000 |

| | | | |
|---|---|---|---|
| ഷൈമാ മൻസിൽ ഭജനമഠം | ഷൈമാ മൻസിൽ ഭജനമഠം | (അമ്മ-മകൾ) | |
| സുലേഖ ബീവി കളിലിൽ വീട് വളവ്പച്ച | സജിനാ ബീവി കളിലിൽ വീട് വളവ്പച്ച | 1208079973 നം. റേഷൻകാർഡ് പ്രകാരം (അമ്മ-മകൾ) | 25000 |

8)റേഷൻകാർഡ് പ്രകാരം കേന്ദ്രസംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ള വ്യക്തികൾ ഉൾപ്പെട്ട കുടുംബത്തിലെ വ്യക്തിക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര്/ വിലാസം | കേന്ദ്രസംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ള വ്യക്തികൾ | വിവരം | തുക |
|---|---|---|---|
| ശ്യാമള പുത്തൻവിളവീട് മാങ്കോട് | ഷീന.കെ.എസ് വീണ. എസ്.എസ്. | റേഷൻകാർഡ് നം. 1208128553 | 25000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പാലിക്കാത്തിനാലും, ആവശ്യമായ രേഖകൾ, സൂക്ഷിക്കാത്തതിനാലും 25,50,000/- രൂപ തടസ്സപ്പെടുത്തുന്നു. പശുവിനെ ബന്ധുക്കൾ തമ്മിൽ കൈമാറ്റം നടത്തിയും, അർഹതയില്ലാത്തവർക്ക് നൽകിയും സബ്സിഡി തുക അനർഹർ കൈപറ്റിയിരിക്കുന്നതിനാൽ ഈ ഇനത്തിൽ നൽകിയ 75,000/- രൂപ നിരാകരിക്കുന്നു.

തടസ്സപ്പെടുത്തിയ തുക – 25,50,000/-
നിരാകരിക്കുന്ന തുക – 75,000/-

**3-16** <u>കിണർ കഴുത്ത്കെട്ട് പദ്ധതി ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല.</u>

പദ്ധതി: 343/18
അടങ്കൽ:5,15,000/- (SCP)
ചെലവ് : 40,000/-

എൻക്വയറി:10/12-12-18
ബിൽ നം:13/17-18(28-3-18)
ബിൽ നം:18/17-18(28-3-18)
ബിൽ നം:21/17-18(28-3-18)

നിർവ്വഹണോദ്യോഗസ്ഥൻ – ശ്രീ. ജയകുമാർ, VEO (മാങ്കോട് സർക്കിൾ)

തുറസ്സായ കിണർ കഴുത്ത് കെട്ടി ശുചിത്വ കിണറാക്കി മാറ്റുന്നതിന് പട്ടികജാതി വിഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത അർഹരായ എട്ട് ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള 6000/- രൂപ വീതം നൽകിയില്ല, പകരം 5000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. SCP പദ്ധതിക്ക് 5,15000/- രൂപ അടങ്കൽ തുക ഉണ്ടായിരുന്നിട്ടും അർഹരായ കൂടുതൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതിരുന്നതും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് അർഹമായതിലും കുറവ് തുക സബ്സിഡിയായി നൽകിയിട്ടുള്ളത് പട്ടികജാതി വികസനം working group, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ വീഴ്ചയാണ്. സമാന പദ്ധതിയിൽ ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 6000/- രൂപ നൽകിയിട്ടുമുണ്ട്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം നിഷേധിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-17 K.M.S.C.L-ൽ നിന്നും 2,44,560 /-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല-

കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ് -ൽ നിന്നും 2,44,560 /-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,
മാങ്കോട് പി.എച്ച്.സി

മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L –യിൽ അടവാക്കിയ 2,44,560/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./ തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 161/17-18 | 2,20,469/- | 10/26.02.2018 | പി.ആർ.എഫ്/3221/ 22.12.17<br>പി.ആർ.എഫ്/809/ 22.12.17<br>പി.ആർ.എഫ്/3228/ 22.12.17 | 87,435<br>32,965 | 4,297<br>11,346 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 70349 | 14,077 |
| 2. | 18/17-18 | 4,26,296/- | 5/16.01.2018 | പി.ആർ.എഫ്/816/ 23.12.17<br>പി.ആർ.എഫ്/3240/ 23.12.17<br>പി.ആർ.എഫ്/3223/ 22.12.17 | 1,74,688<br>25,312<br>2,00,000 | 8,392<br>6,493<br>11,411 |
| 3. | 165/17-18 | 2,00,000/- | 7/16.01.2018 | പി.ആർ.എഫ്/3225/ 22.12.17 | 1,31,716 | 68,284 |
| 4. | 162/17-18 | 4,60,260/- | 6/16.01.2018 | പി.ആർ.എഫ്/3230/ 22.12.17<br>പി.ആർ.എഫ്/ 811/22.12.17 | 2,56,237<br>83,763 | 69,130<br>51,130 |
| | | | | | ആകെ | 2,44,560/- |

2,44,560/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന ലഭ്യമാക്കി വിശദാവിവരങ്ങൾ വിതരണ വിവരങ്ങൾ എന്നിവ അറിയിക്കേണ്ടതാണ്.

**3-18** <u>കിടപ്പിലായ വയോജനങ്ങൾക്ക് പോഷകാഹാരം-അനുവദനീയമല്ലാത്ത പ്രോജക്ടിന് തുക ചെലവഴിച്ചു- നിരാകരിയ്ക്കുന്ന തുക- **1,66,750/-**രൂപ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , പി.എച്ച്.സി, മാങ്കോട്

പ്രോജക്ട് നം.228/17-18

അടങ്കൽ തുക -5,00,000/-രൂപ(പൊതുവിഭാഗം ഫണ്ട്)

ബിൽ നം.2/17-18 13.09.17- 1,66,750/- രൂപ

നിർധനരായ കിടപ്പിലായ വയോജനങ്ങൾക്ക് പോഷകാഹാരം നൽകുക എന്ന പ്രോജക്ട് പ്രകാരം 230 പേർക്ക് (23 വാർഡുകളിൽ 10 പേര് വീതം) ഓണം/റംസാൻ കിറ്റ് (പലവ്യഞ്ജനങ്ങൾ) വിതരണം നടത്തി. Kerala State Civil Supplies Corporation Ltd. കടയ്ക്കൽ ഡിപ്പോയുടെ 0203103/171627 തീ. 1.09.2017 ലെ Goods Issue Sheet പ്രകാരം 1,65,362/-രൂപയും ,0203103/171634 തീ.02.09.17

പ്രകാരം 1,388/- രൂപയും ഉൾപ്പെടെ ആകെ 1,66,750/- രൂപ ചെലവഴിച്ചു.

സാധനങ്ങൾ വാങ്ങിച്ചതിന്റെ Invoice ഇല്ല.കൂടാതെ Kerala State Civil Supplies Corporation Ltd. -ന്റെ രസീതിനുപകരം Officer in charge ,Supplyco supermarket ,kadakkal എന്ന് വെള്ളപേപ്പറിൽ സീൽ പതിപ്പിച്ച 14.09.2017 എന്ന് രേഖപ്പെടുത്തിയ രസീത് (നം.ഇല്ല) ആണ് ഹാജരാക്കിയത്. സാധനങ്ങൾ കൈപ്പറ്റിയവരെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ/പ്രക്രിയ എന്നിവ വ്യക്തമല്ല.
പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ( ജി.ഒ(എം.എസ് )നം.72/2017/തസ്വഭവ തീയതി: 29-03-2017) ഇത്തരം ഭക്ഷണ വിതരണ പരിപാടികൾ അനുവദനീയമല്ല.(ഖ.13.3.3).ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
മേൽ കാരണങ്ങളാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 1,66,750/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14 /19.12.2018
നിരാകരിച്ച തുക – 1,66,750/-

**3-19** <u>പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി _പ്രവർത്തനം കാര്യക്ഷമമല്ല</u>

2017-2018 വർഷത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി മൂന്ന് തവണ മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. പാലിയേറ്റീവ് പ്രചരണ പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ (സ.ഉ.(സാധാ)നം.3217/2015/തസ്വഭവ തീ.29.10.2015.) പ്രകാരം രണ്ട് മാസത്തിൽ ഒരിക്കലോ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം കൂടി ,പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തി ,പോരായ്മകൾ പരിഹരിയ്ക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ മാനേജ്മെന്റ് കമ്മിറ്റി നൽകേണ്ടതാണ്.ദ്വൈമാസയോഗത്തിൽ വച്ച് അടുത്ത രണ്ട് മാസത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതായും നിർദ്ദേശമുണ്ട്.മെമ്പർ സെക്രട്ടറിയായ മെഡിക്കൽ ഓഫീസർ ടി യോഗത്തിന്റെ ഹാജർ ,മിനിട്ട്സ് എന്നിവ പരിപാലിക്കേണ്ടതാണ്.
നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല.ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന് കൈത്താങ്ങാകുന്ന

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കമ്മിറ്റിയ്ക്ക് ഉത്തരവാദിത്വമുണ്ട്.ആയതിനുള്ള നടപടികൾ വീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്.

## 3-20 <u>അംഗൻവാടിക്ക് ഗ്യാസ് സ്റ്റൗവും സിലണ്ടറും വാങ്ങൽ-അധികം തുക നൽകി. 2325/- രൂപ നിരാകരിക്കുന്നു.</u>

പദ്ധതി നം.145/18

അടങ്കൽ തുക -12,800 (വികസന ഫണ്ട്)

ചെലവഴിച്ച തുക-8,075

ബിൽ നം.-14/25-2-18- 5,925/- (ഗ്യാസ് സ്റ്റൗവ്)

ബിൽ നം.-27/31-3-18- 2,150/- ( സിലണ്ടർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

3 അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗവും,ഒരു അംഗൻവാടിക്ക് സിലണ്ടറും വാങ്ങി നൽകുന്നതായിരുന്നു പദ്ധതി. നികുതി ഉൾപ്പെട വൃന്ദാവൻ ഇൻഡേൻ സർവീസിന്റെ ക്വട്ടേഷനായ 1200/- രൂപയാണ് ഗ്യാസ് സ്റ്റൗവിനായി അംഗീകരിച്ചത്. എന്നാൽ 1673/-രൂപയുടെ മൂന്ന് ഗ്യാസ് സ്റ്റൗവാണ് വാങ്ങിയത്. (1673x3=5019 + GST=906=5925/-). അംഗീകരിച്ച ക്വട്ടേഷനെക്കാൾ 2325/-രൂപ അധികം നൽകിയിട്ടുണ്ട്.(473x3=1419+906=2325)

അധികം നൽകിയ 2,325/രൂപ നിരാകരിക്കുന്നു.
നിരാകരിച്ച തുക – 2,325/-രൂപ
ഓഡിറ്റ് എൻക്വയറി നം.9/17-12-18

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-2018 | 12,000 | സമഗ്ര നെൽകൃഷി വികസനം | 11,040 | 960 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 200000 | ശാരീരിക മാനസിക | 1,99,000 | 1000 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 10,00,000 | അനുപൂരക പൊഷകാഹാരം | 9,99,061 | 939 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | -ടി- | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | - | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | -ടി- | 500000 | കിഴക്കംഭാഗം മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | -ടി- | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | -ടി- | 500000 | അനുപൂരക പൊഷകാഹാരം | - | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | | 300000 | കിണർ രിച്ചാർജിംഗ് | - | 300000 |

സുലേഖ പത്രിക എ എഫ് എസ്സുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ലഡി. ഇലക്ട്രിക്കൽ | മൃഗാശുപത്രി വയറിംഗ് | | 1,22,363 | | 1,22,363 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവയ്ക്കൽ | | 4,09,545 | | 4,09,545 |
| -ടി- | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 12,71,909 | | 12,71,909 |
| കെ.ഡബ്ല.എ. | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 29,00,000 | | 29,00,000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

**4-3** മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

**4-4** വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

**4-5** സ്ഥിര നിക്ഷേപം

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 10429/- രൂപ ലഭിച്ചു .വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 2014-15 | 3-9 | 10429/- | അബ്ദുൽ സലാം, എഫ് ടി എസ് | 117010100733/ 9.5.17 |

AFS പ്രകാരം ഓഡിറ്റ് റിക്കാവറിയിനത്തിൽ 96,693/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് പരിശോധനയ്ക്ക് 10,429/- രൂപയുടെ വരവ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

**4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 2.4(1)<br>2.4(2) | തൊഴിൽ നികുതി | |
| 2015-16 | 2-1 | 2016-17 | 2.4(3) | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,75,34,440 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,78,74,583 |
| വരവിനങ്ങളിലുള്ള നഷ്ടം | 36,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,50,515 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,28,50,848 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 36500 | - | ബൽജീത് ജീവൻ, സെക്രട്ടറി |
| 3-6 | - | 1440 | ബൽജീത് ജീവൻ, സെക്രട്ടറി |
| 3-13 | - | 90000 | ബിനു, വെറ്റിനറി സർജൻ |
| 3-14 | - | 15000 | ബിനു, വെറ്റിനറി സർജൻ |

| | | | |
|---|---|---|---|
| 3-15 | - | 75000 | ബിനു, വെറ്ററിനറി സർജൻ |
| 3-18 | - | 166750 | രാകേഷ്, മെഡിക്കൽ ഓഫീസർ |
| 3-20 | - | 2325 | ബാസീമ ബീഗം ,ഐ സി ഡി എസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 5,99,220 | ബൽജീത് ജീവൻ, സെക്രട്ടറി |
| 3-5 | 75,55,283 | |
| | 63,84,937 ( ക്രമ നം. 1 – 7) | ബൽജീത് ജീവൻ, സെക്രട്ടറി |
| | 9,00,000(ക്രമ നം. 8) | ബാസീമ ബീഗം ,ഐ സി ഡി എസ്. സൂപ്പർ വൈസർ |
| | 2,70,346(ക്രമ നം. 9,10) | ശ്രീ. ജയകുമാർ വി.ഇ.ഓ |
| 3-9 | 1,10,394 | ഫാസിലുദ്ദീൻ എസ്, ഹെഡ്മാസ്റ്റർ |
| 3-10 | 3,500 | ബൽജീത് ജീവൻ, സെക്രട്ടറി |
| 3-11 | 87,451 | ബിനു, വെറ്ററിനറി സർജൻ |
| 3-12 | 7,00,000 | ബിനു, വെറ്ററിനറി സർജൻ |
| 3-13 | 9,10,000 | ബിനു, വെറ്ററിനറി സർജൻ |
| 3-14 | 3,35,000 | ബിനു, വെറ്ററിനറി സർജൻ |
| 3-15 | 25,50,000 | ബിനു, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബൽജീത് ജീവൻ, സെക്രട്ടറി | സെക്രട്ടറി, ചിതറ ഗ്രാമ പഞ്ചായത്ത് | ദേവി പ്രസാദം, കൊടുവഴന്നൂർ പി ഒ, തിരുവനന്തപുരം |
| ബിനു, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമ പഞ്ചായത്ത് | പ്രതീക്ഷ, ആൽത്തറമൂട്, കടക്കയ്ൽ |
| ഡോ. രാകേഷ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി ,ചിതറ ഗ്രാമ പഞ്ചായത്ത് | തെന്നൂർ വീട്, പുതിയകാവ്, കിളിമാന്നൂർ |
| ഫാസിലുദ്ദീൻ എസ് ,ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ , എൽ പി എസ് , ചിതറ | എ എ ഹൗസ് , ഇറപ്പിൽ , മൻകോട് |
| ബാസീമ ബീഗം ,ഐ സി ഡി എസ് | ഐ സി ഡി എസ് , ചിതറ ഗ്രാമ പഞ്ചായത്ത് | അൽ- കൗസർ , ജല്ലിവേട്ട , ആര്യനാട് പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92& 1992-93 | കെ എസ് എ കെ എൽ എം .പി-3/430/18 ( 1)/2-03-18 |

| | |
|---|---|
| 1997-98 | കെ എസ് എ കെ എൽ എം .പി-3/430/18 (3)/2-03-18 |
| 1999-00 | കെ എസ് എ കെ എൽ എം .പി-3/430/18 (4)/2-03-18 |
| 2000-01 | കെ എസ് എ കെ എൽ എം .പി-3/430/18 (5)/2-03-18 |
| 2001-02 | കെ എസ് എ കെ എൽ എം .പി-3/430/18 (6)/2-03-18 |
| 2005-06 | കെ എസ് എ കെ എൽ എം .പി-3/430/18 (7)/2-03-18 |
| 2006-07 | എൽ.എഫ്.ക്യൂ.പി-4/1323/14( 12)/14-08-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി-4/1571/11/29-12-11 |
| 2008-09 | എൽ.എഫ്.ക്യൂ.പി-4/1323/14(13 )/14-08-14 |
| 2009-10& 2010-11 | എൽ.എഫ്.ക്യൂ.പി-4/1323/14(14 )/14-08-14 |
| 2011-12& 2012-13 | എൽ.എഫ്.ക്യൂ.പി-4/26/14/09-10-14 |
| 2013-14& 2014-15 | കെ.എസ്.എ.കെ.എൽ.എം-പി-4/249/ 16/22-02-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി-4-329/2017/ 11.2.2017 |
| 2016-17 | കെ എസ് എ കെ എൽ എം .പി-3/1723 /17/10.102017 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം **1**

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം. പി- 3 91/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.
ഫോൺ. 0474-2740141
Email. doklm.ksad@kerala.gov.in
തീയതി:5/4/19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചിതറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-2

## സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ,കൊല്ലം